(ബി) പ്രസ്തുത ഓഫീസുകളുടെ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

വാമനപുരം സബ് രജിസ്ട്രാർ ഓഫീസ്-ഏകദേശം 50 വർഷത്തോളം പഴക്കമുള്ള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിനും ചുറ്റുമതിലിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലറ സബ് രജിസ്ട്രാർ ഓഫീസ് - കല്ലറ പഞ്ചായത്തുവക കെട്ടിടത്തിൽ നിലവിൽ മതിയായ അടിസ്ഥാന സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു. പാലോട് സബ് രജിസ്ട്രാർ ആഫീസ്-മതിയായ സൗകര്യങ്ങളോടുകൂടി ഓഫീസ് പ്രവർത്തിച്ചുവരുന്നു.

(സി) മതിയായ സൗകര്യമില്ലാത്ത കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വാമനപുരം മണ്ഡലത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളും മതിയായ സൗകര്യമുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകൾ

273(3705) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി മണ്ഡലത്തിലെ രജിസ്ട്രേഷൻ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി, തെങ്ങണ എന്നീ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് ഭവനനിർമാണ ബോർഡിന്റെ (കെ.എസ്.എച്ച്.ബി.) വക റവന്യൂ ടവറിലും തെങ്ങണ ഓഫീസ് സ്വകാര്യവ്യക്തിയുടെ വക വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ ഈ ഓഫീസുകളിൽ സർക്കാരിന്റെ ധനസഹായത്തോടുകൂടി നവീകരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

(ബി) പ്രസ്തുത ഓഫീസുകളുടെ നവീകരണത്തിനായി എത്ര തുക അനുവദിച്ചു; അതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരി, തെങ്ങണ എന്നീ രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളാണുള്ളത്. ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് ഭവനനിർമാണ ബോർഡിന്റെ (കെ.എസ്.എച്ച്.ബി.) വക റവന്യൂ ടവറിലും തെങ്ങണ ഓഫീസ് സ്വകാര്യവ്യക്തിയുടെ വക വാടക കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ ഈ ഓഫീസുകളിൽ സർക്കാരിന്റെ ധനസഹായത്തോടുകൂടി നവീകരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

സബ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകൾ

274(3706) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സബ് രജിസ്ട്രാർ തസ്തികയിൽ 2021 വർഷത്തിൽ വിരമിക്കൽമൂലം ഉണ്ടായിട്ടുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കാമോ?

രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ട്രാർ തസ്തികയിൽ 2021 വർഷത്തിൽ വിരമിക്കൽമൂലം 40 ഒഴിവുകളുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേക്ക് സെലക്ട് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത തസ്തികയിലേയ്ക്ക് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നുണ്ടോ?

സബ് രജിസ്ട്രാർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാനക്കയറ്റം വഴി എൻ.ടി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്ഥാനക്കയറ്റത്തെത്തുടർന്ന് എൻ.ടി കേഡറിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. (നക്ഷത്രചിഹ്നമിടാത്ത 3424, 3459, 3463, 3467, 3469, 3470, 3471, 3472, 3475, 3478, 3480, 3527 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly